LIBRARY ARCHIVES Kerala Legislative Assembly

ക്കേണ്ടതാണെന്നും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ച് അവലോകനം നടത്തേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി നീക്കിവയ്ക്കണമെന്നും അന്നേ ദിവസം സാധ്യമായ എല്ലാ മേലുദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ ഫയലുകൾ പരിശോധിച്ച് തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശം വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്.

(ബി) സർക്കാർ ആവശ്യപ്പെടുന്ന വിവരങ്ങൾ/റിപ്പോർട്ടുകൾ താമസംവിന ലഭ്യമാക്കേണ്ടതാണെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും ഭരണവകുപ്പുകൾ കർശന നിർദ്ദേശം നൽകേണ്ടതും അതു പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണെന്ന് വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നിലവിൽ ഇ-ഫയൽ സംവിധാനം സെക്രട്ടേറിയറ്റിൽ എല്ലാ വകുപ്പിലും നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ ഇതിന്റെ പുരോഗതി വിലയിരുത്തുവാൻ കഴിഞ്ഞിട്ടില്ല.

(ഡി) ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സർക്കുലർ വഴിയും അവലോകന റിപ്പോർട്ടുകൾ മുഖേനയും യഥാസമയങ്ങളിൽ വകുപ്പുകൾക്ക് നൽകിവരുന്നുണ്ട്. എന്നാൽ ഓഫീസ് പ്രൊസീജർ ആയ സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഭേദഗതി നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

സെക്രട്ടേറിയറ്റിൽ തീർപ്പുകൽപ്പിക്കാനുള്ള ഫയലുകൾ

61(62) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ തീർപ്പുകൽപ്പിക്കാനായി എത്ര ഫയലുകൾ കെട്ടിക്കിടക്കുന്നുണ്ട് ;

(ബി) പ്രസ്തുത ഫയലുകളിൽ തീർപ്പുകൽപ്പിച്ച് ജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) താലൂക്കുതല ഉദ്യോഗസ്ഥർ തീർപ്പുകൽപ്പിക്കേണ്ട അപേക്ഷകളാണ് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികളിൽ തീർപ്പുകൽപ്പിക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ അഭിപ്രായം വ്യക്തമാക്കാമോ ;

(ഡി) മന്ത്രിതലത്തിലും വകുപ്പുസെക്രട്ടറിതലത്തിലും തീർപ്പാക്കേണ്ട ഫയലുകൾ സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്നത് തീർപ്പാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

326/2021

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2015 ഏപ്രിൽ മാസത്തെ സെക്രട്ടറിയേറ്റ് വകുപ്പുകളുടെ പ്രതിമാസ പ്രവർത്തന പത്രികകളുടെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റിൽ 2015 ഏപ്രിൽ വരെ 1,22,668 ഫയലുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്.

(ബി) ഓരോ വകുപ്പും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചു കൊണ്ട് വകുപ്പുതലത്തിൽ ചർച്ച ചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരി ക്കുന്നതിനും ഫയൽ തീർപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുവാനും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ച് അവലോകനം നടത്തുവാനും മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി നീക്കിവയ്ക്കണമെന്നും വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ജനങ്ങളുടെ അടിയന്തര പ്രാധാന്യമുള്ളതും സമയബന്ധിതമായി തീർപ്പാക്കേണ്ടതുമായ ആവശ്യങ്ങളും പ്രശ്നങ്ങളും തൽസമയം പരിഹരിക്കാനാണ് ജനസമ്പർക്ക പരിപാടിയിലൂടെ ശ്രമിക്കുന്നത്.

(ഡി) ഫയലുകൾ അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ വകുപ്പുകൾ ത്വരിതപ്പെടുത്തണമെന്നും തീർപ്പാക്കാനുള്ള ഫയലുകളെ സംബന്ധിച്ച വിശദാംശങ്ങൾ വകുപ്പ് സെക്രട്ടറിമുഖേന വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച് തീരുമാനം കൈക്കൊള്ളേണ്ടതാണെന്നും എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

മന്ത്രി മന്ദിരങ്ങളുടെ അറ്റകുറ്റപ്പണിക്കായി ചെലവായ തുക

62(63) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മന്ത്രിമാരുടെയും ചീഫ് വിപ്പിന്റെയും ഔദ്യോഗിക വസതികളുടെ അറ്റകുറ്റപ്പണിക്കും മോടിപിടിപ്പിക്കലിനുമായി ചെലവായ തുക എത്രയെന്ന് വർഷം, മന്ത്രി, മുഖ്യമന്ത്രി, ചീഫ് വിപ്പ്, വസതിയുടെ പേര്, തുക എന്നിവ തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇതിൽ മന്ത്രി മന്ദിരങ്ങൾക്കായി വാടകയ്ക്ക് എടുത്ത സ്വകാര്യ കെട്ടിടത്തിൽ നടത്തിയ വർക്കുകൾക്കും വാങ്ങിയ സാധനങ്ങൾക്കും വേണ്ടി ചെലവഴിച്ച തുക ഇനം തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ചീഫ്‌വിപ്പിനായി വാടകയ്ക്ക് എടുത്ത സ്വകാര്യ കെട്ടിടത്തിൽ ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾക്കായി 1,24,308 രൂപ ചെലവായിട്ടുണ്ട്. മന്ത്രി മന്ദിരങ്ങൾക്കായി വാടകയ്ക്ക് എടുത്ത സ്വകാര്യ കെട്ടിടത്തിൽ നടത്തിയ വർക്കുകൾക്കും വാങ്ങിയ സാധനങ്ങൾക്കും വേണ്ടി ചെലവഴിച്ച തുക അനുബന്ധം 'എ' യായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.